**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **01-02-2024 - ൽ മറുപടിയ്ക്ക്**

**അധ്യാപക തസ്തികനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കാത്തതു കാരണം അധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റഗുലർ തസ്തികകളെ സംബന്ധിച്ചിടത്തോളം തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ഏതെങ്കിലും വിധത്തിൽ കാലതാമസം ഉണ്ടാകുന്നില്ല. അധിക തസ്തികകളെ സംബന്ധിച്ചിടത്തോളം തസ്തിക അനുവദിക്കുന്നതിന് KER അദ്ധ്യായം XXIIIചട്ടം 12 പ്രകാരം 3 തലങ്ങളിൽ പരിശോധന നടത്തേണ്ടതുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അതേ സമയം പ്രതിവർഷം നിരവധി അധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തസ്തിക നിർണ്ണയം പൂർത്തിയാക്കി അധിക തസ്തികകൾ അനുവദിക്കുന്നതുവരെയും, അവധി ഒഴിവുകളിലും, പി.എസ്.സി വഴിയുള്ള നിയമിതരെ ലഭ്യമാകുന്നതുവരെയും മാത്രമാണ് ദിവസവേതനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് അധ്യാപക തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്; അധ്യയന വർഷം തിരിച്ചുള്ള കണക്കുകൾ നൽകാമോ; | (സി) | 11,183;<br><br>ഇതിൽ 3000 എണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്, അധ്യയന വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഓരോ അധ്യയന വർഷവും അധ്യാപക തസ്തികനിർണ്ണയം എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് വിദ്യാഭ്യാസ ചട്ടം നിഷ്കർച്ചിട്ടുള്ളത്; ഇപ്പോൾ എപ്രകാരമാണ് ഇത് നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12(1) പ്രകാരം ജൂലൈ 15 പ്രാബല്യത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. അധിക തസ്തികയുടെ പ്രാബല്യം ഒക്ടോബർ 1 മുതലാണ്. അധിക തസ്തിക അനുവദിക്കാൻ 3 തലങ്ങളിലെ പരിശോധനയും തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയും ആവശ്യമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിനാണ് അധിക സമയം ആവശ്യമായി വരുന്നത്. |

| | | | |
|---|---|---|---|
| (ഇ) | അധ്യാപക തസ്തികനിർണ്ണയം അധ്യയന വർഷത്തിന്റെ അവസാനം പൂർത്തിയാക്കുന്നതു കാരണം ആയതിൽ തുടർനടപടികൾ ഒന്നുമില്ലാതെ പി.എസ്.സി. നിയമനം നടക്കാത്തതും അതോടൊപ്പം താൽക്കാലിക ജീവനക്കാർക്ക് കൂടുതൽ നിയമനങ്ങൾ ലഭിക്കുന്നതുമായ വിഷയം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഇ) | തസ്തികനിർണ്ണയം എല്ലാ വർഷവും ജൂലൈ 15 പ്രാബല്യത്തിൽ നടത്തുകയും നിയമാനുസൃത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തുവരുന്നു. അധിക തസ്തികകളുടെ കാര്യത്തിൽ 3 തലത്തിൽ പരിശോധനകൾ നടത്തേണ്ടതും. സർക്കാർ അനുമതിയും ആവശ്യമുള്ളതിനാൽ ആയതിനുശേഷം മാത്രമേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളു. 2023-24 ലെ അധിക തസ്തിക സംബന്ധിച്ച തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|
| നിയമനങ്ങൾ | വിരമിക്കൽ മൂലമുണ്ടായ തസ്തികകൾ | നിയമനങ്ങൾ | വിരമിക്കൽ മൂലമുണ്ടായ തസ്തികകൾ | നിയമനങ്ങൾ | വിരമിക്കൽ മൂലമുണ്ടായ തസ്തികകൾ |
| 2994 | 1068 | 4310 | 1081 | 3879 | 851 |

സെക്ഷൻ ഓഫീസർ